Prot. No. 1911/2018

# സീറോ മലബാർ മിഷൻ വാരാചരണം (2019 ജനുവരി 6–12)
# സർക്കുലർ

സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

ഈശോയുടെ ദനഹാതിരുന്നാളായ 2019 ജനുവരി 6 മുതൽ 12 വരെ സീറോ മലബാർ സഭ പ്രേഷിതവാരമായി ആചരിക്കുകയാണല്ലോ . ഈയവസരത്തിൽ മിഷൻവാരവുമായി ബന്ധപ്പെട്ട് ഏതാനും ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദനഹാതിരുനാളിന്റെ വേളയിൽ സ്വയംവെളിപ്പെടുത്തികൊണ്ട് ഈശോ തന്റെ പ്രേഷിത ദൗത്യത്തിന് തുടക്കം കുറിക്കുകയാണല്ലോ ചെയ്തത്. പതിതരോടും പാർശ്വവത്കരിക്കപ്പെട്ടവരോടും അവിടുന്ന് സവിശേഷമായ സ്നേഹവും കാരുണ്യവും പുലർത്തിയിരുന്നതായി സുവിശേഷം സാക്ഷ്യപ്പെടുത്തുന്നു. സ്വയം വെളിപ്പെടുത്തിയ മിശിഹായുടെ മൗതികശരീരമായ തിരുസഭയും ഈ പ്രേഷിതദൗത്യത്തിൽ അനുസ്യൂതം പങ്കുചേരുന്നു. അതുകൊണ്ടാണ് "സഭ സ്വഭാവത്താലെ പ്രേഷിതയാണ്" (AG:2) എന്ന് വത്തിക്കാൻ കൗൺസിലിന്റെ 'ജനതകളിലേക്ക്' എന്ന പ്രമാണരേഖ നമ്മെ പഠിപ്പിക്കുന്നത്. പ്രേഷിത അവബോധവും ആവേശവും സ്വന്തമാക്കി നമ്മുടെ കഴിവും ജീവിതാന്തസുകളും സാഹചര്യങ്ങളുമനുസരിച്ച് സുവിശേഷപ്രഘോഷണത്തിനും പ്രേഷിതപ്രവർത്തിനുമായി മുന്നിട്ടിറങ്ങുവാൻ സഭാമക്കൾ എല്ലാവരെയും സ്നേഹപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

ഈശോയുടെ മുഖം ഇന്ന് ലോകത്തിൽ പ്രകാശിതമാകുന്നത് നമ്മിൽ ഓരോരുത്തരിലൂടെയുമാണ്. "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ്:16/15) എന്നുള്ള തമ്പുരാന്റെ ആഹ്വാനം പൂർത്തീകരിക്കപ്പെടേണ്ടിയിരിക്കുന്നു. തിന്മയുടെശക്തി പതിയിരുന്ന് സഭയെ ആക്രമിക്കാൻ പരിശ്രമിക്കുമ്പോൾ, ആത്മീയതയിൽ നമ്മൾ കൂടുതൽ ശക്തരാകേണ്ടത് ഇന്നിന്റെ ആവശ്യമാണ്. കുടുംബങ്ങളെ ആത്മീയതയിൽ നയിക്കുവാനുള്ള മാതാപിതാക്കളുടെ കടമകൾ ഒരിക്കലും മറന്നുകൂടാ. നമ്മുടെ മുൻതലമുറക്കാർ കൈമാറി തന്ന വിശ്വാസവെളിച്ചത്തെ അണയാതെ കാക്കുവാൻ നമുക്കൊന്നുചേർന്ന് പരിശ്രമിക്കാം. മാർത്തോമ്മാശ്ലീഹായുടെ വിശ്വാസതീക്ഷ്ണതയും ധീരതയും ഏതുപ്രതിസന്ധികളെയും മറികടക്കുവാൻ ശക്തിപകരുന്നുണ്ട്. സുവിശേഷത്തിന്റെ പരിവർത്തനാത്മകമായ ശക്തി

അനുഭവിച്ചറിഞ്ഞ് ഈശോയുടെ സുവിശേഷം എത്തിപ്പെടാത്ത സ്ഥലങ്ങളിൽ ക്രിസ്തുവിന്റെ സുവിശേഷവുമായി കടന്നുചെല്ലുവാനുള്ള തീക്ഷ്ണത ഈ മിഷൻവാരാചരണത്തിലൂടെ നമ്മിൽ ഉജ്ജ്വലിപ്പിക്കാം. ആദിമക്രൈസ്തവരുടെ മാതൃക ഉൾക്കൊണ്ടുകൊണ്ട് എല്ലായിടത്തും എല്ലാവരുടെ ഇടയിലും അനുരഞ്ജനവും സാഹോദര്യവും പങ്കുവയ്ക്കലും സാധ്യമാക്കുവാനുള്ള നമ്മുടെ കടമയെ വിസ്മരിക്കാതിരിക്കാം. പ്രേഷിതപ്രവർത്തനം പലവിധത്തിലും നമുക്ക് നിറവേറ്റാം. ഈശോയിലൂടെ കരഗതമായ രക്ഷയുടെ സന്ദേശം പങ്കുവയ്ക്കുവാനുള്ള കാര്യപരിപാടികൾ രൂപതാതലത്തിലും ഇടവകതലത്തിലും എല്ലാഭക്തസംഘടനകളെയും കൂട്ടിയോജിപ്പിച്ച് ആസൂത്രണം ചെയ്തു നടപ്പാക്കുന്നത് പ്രേഷിതവാരാചരണത്തെ കൂടുതൽ അർത്ഥമുള്ളതാക്കി തീർക്കുവാൻ സഹായിക്കും. നമ്മുടെ വിശ്വാസം ഫലംചൂടുന്നത് നമ്മുടെ പ്രേഷിതതീക്ഷ്ണതയിലും ഔദാര്യത്തിലുമാണ്.

നമ്മുടെ സഭ ഭാരതത്തിന് അകത്തും പുറത്തുമായി ധാരാളം മിഷനറിമാരെ നൽകികൊണ്ട് പ്രവർത്തിക്കുന്നു. നമ്മുടെസഭയ്ക്ക് ഇന്ത്യമുഴുവൻ അജപാല നശുശ്രൂഷയും സുവിശേഷപ്രഘോഷണവും നടത്തുവാനുള്ള അനുവാദം പരിശുദ്ധപി താവ് നൽകിയിരിക്കുന്നതിന്റെ ഫലമായി രൂപംകൊണ്ട ഷംഷാബാദ്, ഹോസൂർ രൂപതകൾ അജപാലന-സുവിശേഷപ്രഘോഷണാവകാശം മറ്റ് രൂപതകളോട് ചേർന്ന് പ്രായോഗിക മാക്കുന്നതിൽ നമുക്ക് അഭിമാനിക്കാം. പ്രേഷിതവാരാചരണ ദിവസങ്ങളിൽ പ്രത്യേകമായി നമുക്ക് അവരെ അനുസ്മരിക്കാം.

ഭാരതസഭയുടെ പ്രേഷിതപ്രവർത്തനം ഏറ്റവും ഭംഗിയായി മുന്നോട്ടുപോകുവാൻ കാരണം നമ്മുടെ സഭയിലെ മിഷൻതീക്ഷ്ണതയാണ്. എല്ലാമിഷനറിമാരെയും ഓർക്കേ ണ്ടതും അതോടൊപ്പം വിശ്വാസതീക്ഷ്ണതയും ധൈര്യവുമുള്ള ദൈവവിളികൾ പ്രോത്സാഹിപ്പിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്. നമ്മുടെ സഭയിലെ മിഷൻ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും മിഷനെ സഹായിക്കാനുമായി 'സീറോ-മലബാർ മിഷൻ' എന്ന പേരിൽ ഒരു ഓഫീസ് കാക്കനാട് മൗണ്ട് സെൻറ് തോമസ് കേന്ദ്രമാക്കി പ്രവർത്തിക്കുന്നതായി നിങ്ങൾക്ക് അറിവുള്ളതാണല്ലോ . ലോകമെങ്ങും വ്യാപിച്ചുകിടക്കുന്ന അമ്പത്തിയൊന്ന്ലക്ഷത്തോളം വിശ്വാസികളുള്ള നമ്മുടെ സഭയുടെ 18 മിഷൻരൂപതകളിലും മറ്റ്പ്രദേശങ്ങളിലും സേവനംചെയ്യുവാൻവേണ്ട വൈദിക പരിശീലനം നേടിക്കൊണ്ടിരിക്കുന്ന 230 വൈദികവിദ്യാർത്ഥികളെയും 34 സന്യാ സാർത്ഥിനികളെയും ഈ ഓഫീസ്വഴി സഹായിക്കുന്നുണ്ട്. കൂടാതെ, നമ്മുടെ മിഷൻപ്രദേശങ്ങളിൽ സുവിശേഷവത്കരണവും അതിനോട് ബന്ധപ്പെട്ടിട്ടുള്ള മറ്റ് ആവശ്യങ്ങളും സാധ്യമാക്കുന്നതിനായി മിഷൻ പ്രോജെക്റ്റുകളും നൽകുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥനയും ഉദാരതയുമാണ് ഈ ഓഫീസിന്റെ പ്രവർത്തനങ്ങളെ

നയിക്കുകയും ക്രിയാത്മകമായ സമീപനങ്ങൾ കാഴ്ചവയ്ക്കാൻ സഹായിക്കുകയും ചെയ്യുന്നത്. സഭയുടെ വളർച്ചയിലും മിഷൻപ്രവർത്തനത്തിലും വളരെ ശ്ലാഘനീയമായ കാര്യങ്ങൾ ഈ ഓഫീസുവഴി നിർവഹിക്കപ്പെടുന്നത് അഭിനന്ദനാർഹമാണ്. മിഷൻവാരാചരണത്തിലൂടെ സമാഹരിക്കുന്ന തുക സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നത്.

നമ്മുടെ പിതാവായ മാർ തോമാശ്ലീഹായുടെ "നമുക്ക് അവനോടുകൂടെ പോയി മരിക്കാം" (യോഹ 11:16) എന്ന വാക്കുകൾ ഹൃദയത്തിൽ സൂക്ഷിച്ചുകൊണ്ട് ആ വിശ്വാസവെളിച്ചത്തിൽ മിഷനെ അറിഞ്ഞും സ്നേഹിച്ചും മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ചും മിഷൻ പ്രദേശങ്ങൾ സന്ദർശിച്ചും കൂടാതെ സാമ്പത്തികമായി സഹായിച്ചും നമ്മൾ ശക്തരായിതീരട്ടെ. പിതാവിന്റെയും + പുത്രന്റെയും + പരിശുദ്ധാത്മാവിന്റെയും + നാമത്തിൽ ഞാൻ നിങ്ങളെ ഹൃദയപൂർവ്വം ആശീർവ്വദിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+കർദിനാൾ ജോർജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പ്

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ച്ബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2018-ാം മാണ്ട് നവംബർ മാസം 5-ാം തീയതി നൽകപ്പെട്ടത്.

---

**NB:** 1. 2018 ഡിസംബർ 30-ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ-മലബാർ സഭയുടെ എല്ലാ ഇടവകകളിലും, സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിക്കേണ്ടതാണ്.

2. ഓരോ ഇടവകയിലും, സ്ഥാപനത്തിലും മിഷൻവാരാചരണം ഏറ്റവും അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം.

3. സീറോ മലബാർ മിഷൻ വാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങളിൽ ഏല്പിച്ച് കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന *സീറോ മലബാർ മിഷൻ* ഓഫീസിൽ 2019 ഫെബ്രുവരി 28-ന് മുമ്പായി എത്തിക്കേണ്ടതാണ്.